POLICE DEPARTMENT

KERALA

**No. G2-14671/2022/QC**
City Police Office,
Kollam
✉cpklm.pol@kerala.gov.in
📞04742764422
Dated. 19-06-2025

**ലേല പരസ്യം**

കൊല്ലം താലൂക്കിൽ നെടുമ്പന വില്ലേജിൽ ബ്ലോക്ക് നമ്പർ 20 ൽ 187/3 സർവ്വേ നമ്പരിൽപ്പെട്ട സർക്കാർ ഭൂമിയിൽ നിന്നും കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി നീക്കം ചെയ്യേണ്ട മണ്ണ് 02/07/2025 തീയതിയിൽ പകൽ പതിനൊന്നു മണിക്ക് പ്രസ്തുത സ്ഥലത്തു വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമ നമ്പർ | ഇനം | മണ്ണിന്റെ അളവ് | നിരതദ്രവ്യം |
|---|---|---|---|
| 1 | മണ്ണ് | 1564.43 m3 (3129 മെടൺ) | 24000/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽ പറഞ്ഞിരിക്കുന്ന നിരത ദ്രവ്യമായ 24000/-രൂപ ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേല വില്പനയ്ക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 01/07/2025 പകൽ 5 മണിക്ക് മുൻപായി എത്തിക്കേണ്ടുന്നതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യ തുകയ്ക്കുള്ള Demand Draft അടക്കം ചെയ്യേണ്ടതും, ദർഘാസ് അടങ്ങിയ കവറിനുമുകളിൽ "പോലീസ് ഡിപ്പാർട്ടുമെൻറ് വക ലേലത്തിൽ മണ്ണ് വാങ്ങുന്നതിനുള്ള tender" എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടുന്നതാണ് .

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിൻറെതോ തുകയിൽ ഏതാണോ കൂടുതൽ, ആയതിനു ലേലം ഉറപ്പിക്കുന്നതാണ്. മണ്ണ് ലേലത്തിലെടുത്തയാൾ ഉടൻതന്നെ ലേലം / ദർഘാസ് അനുസരിച്ചുള്ള തുകയുടെ പകുതിയും **സർക്കാരിലേക്കുള്ള നിയമാനുസൃത നികുതികളും അടക്കേണ്ടുന്നതുമാണ്.**

**മൈനിങ് ആൻഡ് ജിയോളജി റോയൽറ്റിതുകയായ 1,25,160 /- രൂപ, 0853-00-102-99-01 എന്ന ഹെഡ് ഓഫ് അക്കൌണ്ടിലും റോയൽറ്റിയുടെ 2 % ആയ 2504 /- രൂപ TVDK01141A എന്ന ഹെഡിലും ഒടുക്കേണ്ടതാണ്**

**റവന്യൂ വകുപ്പ് സീനിയറേജ് ആയി 3,59,835/- രൂപ ) 0853-00-102-99-02 ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. ലേലം / ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറക്ക് ബാക്കി തുക അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മണ്ണ് നീക്കം ചെയ്യേണ്ടുന്നതുമാണ് .**

ഏതെങ്കിലും കാരണവശാൽ ലേലം / ദർഘാസ് സ്ഥിരപെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുന:ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതു മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായ ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല .

യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും

ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

KIRAN NARAYANAN IPS
District Police Chief

| | | |
|---|---|---|
| To | : | സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം അറിവിലേക്കായി |
| Copy To | : | സംസ്ഥാനത്തെ എല്ലാ ADGP മാർക്കും അറിവിലേക്ക്, സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കൊല്ലം ( ആമുഖ കത്ത് സഹിതം) സംസ്ഥാനത്തെ എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും, ജില്ലാ പോലീസ് മേധാവിമാർക്കും, കമാൻഡൻറ് മാർക്കും അറിവിലേക്കായി, കൊല്ലം സിറ്റിയിലെ എല്ലാ പോലീസ് ഓഫിസർമാർക്കും പ്രചാരണത്തിനായി, കൊല്ലം സിറ്റിയിലെ ഡെപ്യൂട്ടി കമാൻഡൻറ്, അസിസ്റ്റൻറ് കമാൻഡൻറ്. എന്നിവരുടെ അറിവിലേക്കും, അനന്തര നടപടിക്കുമായി |

KOLLAM CITY